Week -4

## Weekly Devotion -October 2018

# Judgement - by rejecting God's word

## (ന്യായവിധി - ദൈവവചനം ഉപേക്ഷിക്കുമ്പോൾ)




ഒരു വീഡിയോ ദൃശ്യം ടെലിവിഷനിൽ കാട്ടേണ്ടതിന് ദൃശ്യമാധ്യമപ്രവർത്തകർ ഒരു രാഷ്ട്രീയ നേതാവിന്റെ വീട്ടിലെത്തി അവിടെ പലമാറ്റങ്ങളും വരുത്തി. പെട്ടെന്ന് അദ്ദേഹത്തിന് ഒരു ചിന്ത ഉണ്ടായി യേശു എന്റെ വീട്ടിൽ വന്നാൽ ഈ മാറ്റങ്ങൾ മതിയോ ? സ്വയം ശോധന ചെയ്ത അദ്ദേഹം ഒരു കാര്യം മനസ്സിലാക്കി. ദൈവത്തിന്റെ കണ്ണ് സകലതും കാണന്നതാണ്. അതിനാൽ വീടിനുമാത്രമല്ല തനിക്കും മാറ്റങ്ങൾ വന്നേമതിയാകുകയുള്ളൂ എന്ന ബോധ്യം, വചനത്തിലേക്ക് ശ്രദ്ധതിരിക്കുവാൻ പ്രേരണ നൽകി. നമുക്കും ഒരു മാറ്റം ആവശ്യമല്ലേ? വേദപുസ്തകം വായിക്കുന്നവരാകാതെ സത്യവചനം നമ്മോട് സംസാരിക്കുന്നവരാകുക, ദൈവവചനം നാം അലക്ഷ്യമായി ഉപേക്ഷിച്ചാലോ, അഹങ്കാരത്തോടെ സമീപിച്ചാലോ നാം ശിക്ഷയ്ക്ക് പാത്രമാകും.

Read ആവ: (18:19,20) Rejecting Christ is rejecting your only way to Heaven

ദൈവം ന്യായവിധിപതിയാകുന്നു. പുത്രനെ സ്നേഹിക്കുന്ന പിതാവ് ആരെയും ന്യായം വിധിക്കാതെ അത് പുത്രനെ ഏല്പിച്ചു എന്ന് യോഹ:(5:22,27) വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ന്യായവിധി എന്നതോ വെളിച്ചം ലോക

ത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവർത്തിദോഷമുള്ളതാകയാൽ അവർ ഇരുട്ടിനെ സ്നേഹിച്ചതു മൂലം ഉണ്ടാകുന്നതാണ്. അവനിൽ വിശ്വസിക്കുന്നവന് ന്യായവിധിയില്ല എന്നും ന്യായവിധി വിശ്വസിക്കാത്തവന് ആണെന്നും യോഹ (3:18) ൽ കാണുന്നു.

ന്യായവിധി ഒരു ന്യായാധിപന്റെ ശക്തമായ തീരുമാനമാകുന്നു. മാനസാന്തരപ്പെടുവാൻ സമയം കൊടുത്തിട്ടും, അവസരം നൽകിട്ടും ദുർന്നടപ്പ് വിഗ്രഹാർപ്പിതം ഭക്ഷിക്കൽ, മറ്റുള്ളവരെ തെറ്റിലേക്ക് നയിക്കുന്നവർ ഇവരെ ശിക്ഷിക്കുന്ന ഒരു ന്യായാധിപനെ - (വെളി(2:20-23) തുയഥൈര സഭയ്ക്കുള്ള ദൂതിൽ കാണാവുന്നതാണ്. ഈ ന്യായാധിപനെപ്പറ്റി വെളി(2:18) ൽ കാണുന്നു. ഇന്നത്തെ സഭകളും ഈ ന്യായാധിപന്റെ വാക്കുകൾ ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും. അതിനായി വചനം ശ്രദ്ധയോടെ പഠിക്കുക.

ന്യായവിധി നിഷ്പക്ഷമായിരിക്കണം എന്നതാണ് നമ്മുടെ ന്യായാധിപന്റെ നിർദ്ദേശം. ഭൂമിയിൽ ന്യായം വിധിക്കുന്നവർ എപ്രകാരമായിരിക്കണമെന്ന് വചനം വ്യക്തമായി പറയുന്നു.

Read 2 ദിന:19:5-7)

വചനം ഉള്ളിലുള്ളവർക്കു മാത്രമേ നിഷ്പക്ഷമായി ന്യായം വിധിപ്പാൻ കഴിയുകയുള്ളൂ. നിഷ്പക്ഷമായി നമ്മെ ന്യായം വിധിക്കുന്ന സ്വർഗ്ഗീയ ന്യായാധിപനെ മറക്കരുത് - 1 പത്രോ (1:17), 2കൊരി : (5:10)

ന്യായവിധി ഓരോരുത്തരും പ്രാപിക്കുന്നതിന് അഥവാ സ്വീകരിക്കുന്നതനുസരിച്ചാണ് . യോഹ:(9)ലെ കുരുടനായ മനുഷ്യൻ യേശുവിന്റെ വാക്കനുസരിച്ച് പ്രവർത്തിച്ചപ്പോൾ സൗഖ്യം ലഭിച്ചു. സൗഖ്യദായകനെ കാണാഞ്ഞിട്ടും തനിക്ക് കാഴ്ചതന്നവൻ പ്രവാചകനെന്നും. ദൈവത്തിന്റെ അടുക്കൽ നിന്നും വന്നവനെന്നും കാഴ്ച ഉണ്ടെന്ന് അഭിമാനിച്ച പരീശരോട് അവൻ ധൈര്യമായി സാക്ഷിച്ചു. യേശുവിൽ വിശ്വസിച്ച് അംഗീകരിച്ചവന് പാപമോചനം ലഭിച്ചു. യേശുവിനെ കണ്ടിട്ടും, വാക്ക് കേട്ടിട്ടും, വിശ്വസിക്കാത്തവർ യഥാർത്ഥ കുരുടരാണ് ന്യായവിധി നേരിടേണ്ടവരാണ് എന്ന് യേശു അവരെ മനസ്സിലാകുന്നു.

Read (യോഹ :9:6-41) A misfortune or calamity is viewed as a divine punishment.

മനുഷ്യർ വചനത്തെ വളച്ചൊടിക്കുമ്പോഴും യഹോവയെ മറന്ന് പ്രവർത്തിക്കുമ്പോഴും മഹാമാരി, മഹാവ്യാധികൾ, നിഷ്പോ മുതലായവ പ്രത്യേക രോഗബാധകൾ, വ്യാധികൾ ഇവ ഉണ്ടാകുന്നു.

Read - ആവ: (28:58 -62)

ദൈവത്തിന് മഹത്വം കൊടുക്കാതെ സ്വയം നിഗളിക്കുന്നവരുടെ മേലും ന്യായവിധി ഉണ്ടാകുന്നു. വചനം ഉള്ളിലുള്ളവൻ സകലത്തിനും ദൈവത്തിന് നന്ദി പറയുന്നതിനാൽ ദൈവം കടാക്ഷിയ്ക്കും.

Read – 1 ദിന: 21:7

അപ്പോ: പ്രവ(12:23)

പ്രിയരേ ! ദൈവവചനം മനുഷ്യരിൽ മാറ്റം വരുത്തുന്നതിനാൽ വചനത്തെയും, അത് സ്വീകരിക്കുകയും, പകരുകയും ചെയ്യുന്നവരെ സാത്താൻ വെറുക്കുന്നു. വചനം നൽകുന്ന ആത്മധൈര്യം അന്ത്യ ന്യായവിധിയെ നേരിടുവാൻ നമ്മെ പ്രാപ്തരാക്കുന്നു. അതിനായി ദൈവം നമ്മെ ബലപ്പെടുത്തട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
*Email: biblestudy.co.in@gmail.com*
*Facebook: https://www.facebook.com/biblestudyind*